"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വണിജ്യവും - ജീവനക്കാര്യം - ഇരിങ്ങാലക്കുട മുകുന്ദപുരം താലൂക്ക് വ്യവസായ കേന്ദ്രത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിച്ചത് - താക്കീത് നൽകി നടപടി അവസാനിപ്പിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.971/2026/ID തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:-

1. ശ്രീമതി. ശാന്തിനി. പി, എടത്തറവീട്, വെള്ളാംകല്ലൂർ പി.ഒ, ഇരിങ്ങാലക്കുട, മുകുന്ദപുരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുമ്പാകെ സമർപ്പിച്ച പരാതി.
2. വിജിലൻസ് വകുപ്പിന്റെ 22/07/2022-ലെ VIG/B1/94/2022-VIG നമ്പർ കത്ത്
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 10/09/2024, 05/04/2025, 12/08/2025 തീയതികളിലെ ഡിഐസി/4314/2022-ഇഡി1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട മുകുന്ദപ്പുരം താലൂക്ക് വ്യവസായ ഓഫീസിലെ ഉദ്യോഗസ്ഥർ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനായി ഓഫീസിൽ വരുന്ന അപേക്ഷകരുടെ കൈയ്യിൽ നിന്നും വായ്പയുടെ വലുപ്പം അനുസരിച്ച് കൈക്കൂലി വാങ്ങുന്നുയെന്ന പരാമർശം (1) -ലെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുകുന്ദപ്പുരം താലൂക്ക് വ്യവസായ കേന്ദ്രത്തിൽ നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് പരാമർശം (2) പ്രകാരം നടപടി റിപ്പോർട്ടിനായി വിജിലൻസ് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താലൂക്ക് വ്യവസായ ഓഫീസിൽ മൂവ്മെന്റ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്ട്രാർ, ഇൻവേർഡ് രജിസ്റ്റർ, ഡെസ്പച്ച് രജിസ്റ്റർ, പേർസണൽ രജിസ്റ്റർ എന്നിവ നേരാംവണ്ണം പരിപാലിക്കുന്നില്ല എന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ജീവനക്കാർ തങ്ങളുടെ കൈവശമുള്ള തുക കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്നും ക്യാഷ് ബുക്ക് യഥാവിധി പരിപാലിച്ചിട്ടില്ല എന്നും ജീവനക്കാർ വ്യക്തമായ ഉത്തരവില്ലാതെ വ്യവസായ മാസികയുടെ വാർഷിക വരി സംഖ്യയുടെ കമ്മീഷൻ കൈപ്പറ്റുന്നു എന്നീ ക്രമക്കേടുകളാണ് രേഖപ്പെടുത്തിയിരുന്നത്.

2. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ വിജിലൻസ് വകുപ്പ് ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് ഇത്തരത്തിലുള്ള ജാഗ്രതക്കുറവ് ഭാവിയിൽ ആവർത്തിക്കരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. തപാൽ രജിസ്റ്ററിൽ

അപേക്ഷകൾ യഥാക്രമം രജിസ്റ്റർ ചെയ്യാതിരിന്നതും, ക്യാഷ് ബുക്ക് ശരിയായ വിധത്തിൽ സൂക്ഷിക്കാതിരുന്നതും മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ രേഖപ്പെടുത്താതിരുന്നതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ നടപടിക്രമങ്ങളിലെ വീഴ്ചയാണ്. മേൽ അപാകതകൾ പരിഹരിച്ച സാഹചര്യത്തിൽ ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ എടുക്കണമെന്ന താക്കീത് നൽകിക്കൊണ്ട് നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ
ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, ഇരിങ്ങാലക്കുട മുകുന്ദപുരം
വിജിലൻസ് (ബി) വകുപ്പ് (U/O (f) No. B1/94/2022-VIG)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
Date: 19-08-2026
16:48:16

സെക്ഷൻ ഓഫീസർ